# <u>കാലാതീതം കാവ്യവിസ്മയം</u>

1. ചമൽക്കാരഭംഗി കണ്ടെത്തുക. (4)

“പുത്രമിത്രാർഥ കളത്രാദി സംഗമ-

മെത്രയുമല്പകാലസ്ഥിതമോർക്ക നീ”

2.“ക്രോധമൂലം മന:സ്ഥാപമുണ്ടായ് വരും..” എങ്ങനെ? പുതിയ കാലത്തെ പത്രവാർത്തകളെ അടിസ്ഥാനമാക്കി ഒരു മുഖ പ്രസംഗം തയ്യാറാക്കുക. (6)

3.താഴെപ്പറയുന്നവയിൽ കിളിപ്പാട്ടു വൃത്തമേത്? (1)

(നതോന്നത, മഞ്ജരി, കാകളി)

4.‘കവിതാ കാളിദാസസ്യ
തത്ര ശാകുന്തളം വരം’-കാളിദാസ കവിത ഗുണത്തിൽ മികച്ചു നിൽക്കുന്നതായി കരുതുന്നതെന്തു കൊണ്ട്? (6)

5. ഏകാന്ത ചേതസാ വിദ്യ ചെയ്യേണ്ടതിൻെറ ആവശ്യകത എന്ത്? (2)

6. ലക്ഷ്മണനെക്കുറിച്ച് ശ്രീരാമന് എന്തെല്ലാമാണ് അറിയാവുന്നത്? (2)

7. കാലാഹി-കാലമാകുന്ന അഹി

മാതൃകയിലെപ്പോലെ താഴെക്കൊടുത്തിരിക്കുന്ന പദങ്ങളെ വിഗ്രഹിക്കുക. (2)

ആലയ സംഗമം

ബുധജനം

മാനസ്സതാര്

ചക്ഷുശ്രവണൻ

8.“എല്ലാം മറന്ന് ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ തൊട്ടു.വീഴാൻ പോയതിനാൽ കൈത്തണ്ടയിൽ പിടിച്ചു. മസിലിനു ബലമില്ല, <u>പിളുപിളുപ്പ്</u>”

“അവിടെ നിൻെറ ആരാ ഉള്ളത്?അദ്ദേഹം നീണ്ടു നിവർന്ന് <u>പടപടേന്ന്</u> ഒരാറെണ്ണം എൻെറ കൈവള്ളയിൽ” .അടിവരയിട്ടിരിക്കുന്ന പദങ്ങളുടെ വിശേഷാർഥം കുറിക്കുക (4)

9..ശാകുന്തളത്തെപ്പറ്റിയുള്ള ഗൊയ്ഥെയുടെ അഭിപ്രായമെന്ത്? (2)

10.“ഭൂസ്വർഗ്ഗങ്ങളുടെ സംശ്ലേഷണമാണ് ശാകുന്തളം ” -രവീന്ദ്രനാഥടാഗോർ- പാഠഭാഗത്തെ അടിസ്ഥാനമാക്കി നിരൂപിക്കുക.(6)

11. മരം മുറിക്കുന്നത് ആത്മഹത്യാപരമാണെന്ന് കാളിദാസന്റെ പൂർവ്വകാലജീവിതകഥ തെളിയിക്കുന്നു.(ഇരിക്കുന്ന കൊമ്പു മുറിക്കുന്ന വിഡ്ഢിയുടെ കഥ) പ്രകൃതിയോടുള്ള ഇന്നത്തെ മനുഷ്യന്റെ സമീപനം ഇതുപോലെതന്നെയല്ലേ? ഉപന്യാസം തയ്യാറാക്കുക. (6)

12. “ജനനീ ജന്മഭൂമിശ്ച്ച സ്വർഗ്ഗാദപിഗരീയസി:”

(മാതാവും മാതൃഭൂമിയും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമാണ്)

അമ്മയോടും ജനിച്ച നാടിനോടുമുള്ള ബഷീറിന്റെ മനോഭാവം എന്തായിരുന്നു?(4)

13.“ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരേട്, വക്കിൽ ചോര പൊടിഞ്ഞിരിക്കുന്നു.” ‘ബാല്യകാല സഖിയെക്കുറിച്ചുള്ള ശ്രീ എം.പി.പോളിന്റെ ഈ അഭിപ്രായം ബഷീറിന്റെ അമ്മയെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പിനും യോജിക്കുന്നുണ്ടോ? വിശദീകരിക്കുക.(6)

www.shenischool.in